ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഇപ്പോൾ ഉറപ്പു പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : തയ്യൽ ടീച്ചേഴ്സിന്റെ കാര്യത്തിൽ മാത്രം കഴിഞ്ഞകാല സർവ്വീസ് നോക്കി സർവീസിൽ പ്രവേശിപ്പിച്ചാൽ മതിയെന്നും മ്യൂസിക് ടീച്ചേഴ്സിന്റെ കാര്യത്തിൽ അതുപാടില്ല എന്നും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : നോട്ടീസ് വേണം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : വരുന്ന അഞ്ചുകൊല്ലത്തേക്ക് അവരെ നിയമിക്കാൻ പാടില്ല എന്ന നിരോധനത്തിനു ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : സർ, ഇതു സംബന്ധിച്ച ചോദ്യങ്ങൾ ചോദിച്ചാൽ മാത്രമേ ഉത്തരം പറയുവാൻ സാധിക്കുകയുള്ളൂ; അതിനുള്ള ഫയലുമായി തയാറായി വരാൻ സാധിക്കുകയുള്ളൂ.

ശ്രീ. എൻ. കെ. ശേഷൻ : സൗഹാർദ്ദത്തിന്റെ പേരിൽ അങ്ങനെ വല്ല സമീപനം ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ ?

Mr. Speaker : There is no sauhardham here.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അതിന്റെ വിഷമം ഞാൻ പറയാം. ബഹുമാനപ്പെട്ട മെമ്പാന്മാർ ചോദ്യം ചോദിക്കുമ്പോൾ മന്ത്രിമാർ തയാറായി നിയമസഭയിൽ വിവരങ്ങൾ നൽകുകയോ ചില ഉറപ്പുകൾ നൽകുകയോ ചെയ്യുകയാണു്. ആ അവസരത്തിൽ അതിനാവശ്യമായ ഫയലുകൾമാത്രമേ നോക്കി തയാറായിരിക്കുകയുള്ളൂ. മറ്റു വിവരങ്ങൾ ചോദ്യരൂപത്തിൽ വന്നാൽ അങ്ങനെ ഫയൽനോക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണു് പ്രസക്തങ്ങളല്ലാത്ത ചോദ്യങ്ങൾക്കു്, ആ ചോദ്യത്തിൽ നിന്നും ഉന്നീതമാകുന്ന ചോദ്യങ്ങൾക്കല്ലാതെ ഉത്തരം പറയുവാൻ സാധിക്കാതെ വരുന്നതു്. അതുകൊണ്ടു് അങ്ങനെ മറുപടി പറയുവാൻ സാധിക്കാതെ വരികയാണെങ്കിൽ അതു ആത്മാർത്ഥമില്ലായ്മയായിട്ടോ സൗഹാർദ്ദമില്ലായ്മയായിട്ടോ അനുഭാവമില്ലായ്മയായിട്ടോ കണക്കാക്കരുതെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : പുതിയ സ്കൂൾ അനുവദിച്ചതിന്റെ ഫലമായിട്ടു പല സ്കൂളുകളിലും ഡിവിഷനുകൾ കുറയ്ക്കുകയും അതിന്റെ ഫലമായിട്ടു സ്പെഷ്യൽ അദ്ധ്യാപകരെ കുറയ്ക്കുകയും ചെയ്തതിന്റെ ഫലമായിട്ടു പലർക്കും ജോലി നഷ്ടപ്പെടാൻ ഇടയുണ്ടു്. അവർക്കു വേണ്ട സംരക്ഷണം അവരുടെ ജോലിക്കാര്യത്തിൽ കൊടുക്കാൻ വേണ്ട ഏർപ്പാടു ചെയ്യുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : സർ, ഇതും ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല.

English Medium at Schools

* 212. [736] **Shri S. P. Luiz** : Will the Education Minister be pleased to state :

(a) do the Government propose to do away with English medium in Anglo-Indian Schools of Kerala;

(b) If so, has the Hon. Minister, looked into the hardships that would be caused to the students by doing away with English medium at Schools ;

LIBRARY ARCHIVES Kerala Legislative Assembly

(c) is the Hon. Minister aware that a very large number of people get employment in Institutions, including Central Government Institutions outside Kerala ;

(d) if Malayalam is to be the medium of education what will be the prospects of those seeking employment outside Kerala State ;

(e) has the Hon. Minister received any protest from the Union o Anglo-Indian Association regarding the stopping of English medium in Schools ;

(f) if so what action is proposed to be taken ;

(g) will the Government consider ways and means by which Anglo-Indians in Kerala could obtain their education in English medium ;

(h) has the Government examined the constitutional safeguards to minorities in fulfilling their educational requirements ?

Education Minister (**Shri. C. H. Mohammed Koya**) :

(a) Not at present.

(b) does not arise.

(c) A good number of people are employed.

(d) Outside our State, institutions may be adopting the langauge of that particular State or Hindi. Hence English may not be of much use.

(e) On 26-9-1969, I got a letter of protest.

(f) The matter is under consideration.

(g) No final decision has been taken on this. The matter is under consideration.

(h) This is under consideration.

ശ്രീ. കെ. എം. ജോര്‍ജ്ജ് : ഉപദേശകസമിതി ശുപാര്‍ശ ചെയ്തിട്ടുള്ളതു ആംഗ്ലോ ഇന്‍ഡ്യന്‍ സ്കൂളുകളുടെ കാര്യത്തില്‍ മാത്രമല്ല, മറ്റു എല്ലാ ഗവണ്മെന്റും മാനേജ്മെന്റും നടത്തുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളും നിറുത്തണമെന്നാണ് ശുപാര്‍ശചെയ്തിട്ടുള്ളതു്. മറ്റു സ്കൂളുകളില്‍ ഇംഗ്ലീഷ് മീഡിയം നിലനിറുത്തണമെന്നു അവരില്‍നിന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ? അതനുസരിച്ചു് ഗവണ്മെന്റു വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : ഇവിടെ ഇപ്പോഴും ആംഗ്ലോ ഇന്‍ഡ്യന്‍ സ്കൂളുകളെപ്പറ്റിയാണു് ചോദ്യം. പക്ഷേ പടിപടിയായി ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ഉപേക്ഷിക്കേണ്ടതാണെന്നുള്ള ശുപാര്‍ശ വിദ്യാഭ്യാസ ഉപദേശകബോര്‍ഡ് ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. എം. ജോര്‍ജ് : ഇംഗ്ലീഷ് മീഡിയം സ്കൂളുകള്‍ നിറുത്തല്‍ ചെയ്യാന്‍ തീരുമാനിക്കുമ്പോഴും അതു തുടരണമെന്നു അദ്ധ്യാപകരും രക്ഷകര്‍ത്താക്കളും വിദ്യാര്‍ത്ഥികളും ആഗ്രഹിക്കുന്നതുകൊണ്ടും നമ്മുടെ സംസ്കാരത്തിനു വെളിയിലെങ്കിലും ചെന്നു ജീവിച്ചുകൊള്ളാം എന്നുള്ളതും കരുതി ഹൃദയപൂര്‍വ്വം ഇതു പരിഗണിക്കുവാന്‍ തയാറാകുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ ; അങ്ങനെ നിവേദനം കിട്ടിയിട്ടുണ്ടു്. തീരുമാനം എടുത്തിട്ടില്ല.

Shri. S. P. Luiz : Sir, while taking a decision on the recommendation doing away with for English Medium in Schools, will the Government

LIBRARY ARCHIVES Kerala Legislative Assembly

consider the representations from those managements who desire to continue English as medium of instruction ?

Shri. C. H. Muhammad Koya : Of course. anybody can submit representations, and when we take the final decision those representations will be considered and grievances of linguistic minorities will surely be taken into consideration.

Shri. S. P. Luiz : The main point is this. When a student passes the School final examination, and wants to continue education in the technical field, there will be difficulties if this will be implemented. Moreover, those parents who desire to send their children outside Kerala State or overseas will also be put to difficulties.

Shri. C. H. Muhammad Koya : That is one of the points in favour of the argument. But there are other arguments, such as switching over from English to Malayalam (Regional Language) in the field of collegiate education. That also will have to be considered. So there are various aspects that have to be considered; this is only one of them.

ശ്രീ. എ. കെ. അപ്പു : ഇംഗ്ലീഷ് മീഡിയം സ്കൂളുകളും അനുവദിക്കുന്നതുപോലെ തന്നെ ഹിന്ദി മീഡിയം സ്കൂളും തുടങ്ങുവാൻ ഗവണ്മെന്റു കരുതുന്നുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഇംഗ്ലീഷ് വേണ്ട എന്നു പറയുമ്പോഴും തന്നെ ഹിന്ദി വേണമെന്നു പറഞ്ഞു പിന്നീട് അതു വേണ്ടെന്നു പറയാനുള്ള സാഹചര്യമൊന്നും ഉണ്ടാക്കേണ്ട. അതിനെപ്പറ്റി ഫൈനലായിട്ടുള്ള തീരുമാനം എടുത്തിട്ടില്ല.

ശ്രീ. എ. കെ. അപ്പു : സ്റ്റോറുകളിലുള്ള കേന്ദ്രഗവണ്മെന്റിന്റെ സെൻട്രൽ സ്കൂളുകളും മറ്റും ഹിന്ദി മീഡിയം ആക്കാൻ പോകുന്നു എന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അങ്ങനെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ഇവിടെ സംസ്ഥാന സർക്കാർ വക ഹിന്ദി സ്കൂൾ വേണമെന്നുള്ള തീരുമാനം കേരള ഗവണ്മെന്റു പെട്ടെന്നു എടുക്കാത്തത്.

ശ്രീ. ഇ. അഹമ്മദ് : ആംഗ്ലോ ഇൻഡ്യൻ സ്കൂളുകളിൽനിന്നും മെട്രിക്കുലേഷൻ പരീക്ഷയ്ക്കു ചേരേണ്ട വിദ്യാർത്ഥികൾക്കു മദിരാശിയിൽ നടത്തുന്ന പരീക്ഷക്കാണ് ഹാജരാകേണ്ടത്. അതിനുപകരം ആ വിദ്യാർത്ഥികൾ കേരള ഗവണ്മെന്റു നടത്തുന്ന എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു ഹാജരായാൽ മതിയെന്നുള്ളതീരുമാനം എടുക്കുവാൻ നടപടിയെടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : മദിരാശി ഗവണ്മെന്റു നടത്തുന്ന പരീക്ഷകൾക്കു ഹാജരാകണമോ അതോ കേരളാ ഗവണ്മെന്റു നടത്തുന്ന പരീക്ഷകൾക്കു ഹാജരാകണമോ എന്ന കാര്യത്തെപ്പറ്റി ഈ സ്കൂൾ നടത്തുന്നവരും മറ്റു ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തിയിട്ടുണ്ട്. അവർ ഏതാണ്ട് അതു സമ്മതിച്ചിട്ടുണ്ട്. അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ വിദ്യാർത്ഥികൾ വേണ്ടത്ര ഇല്ലാത്തതുകൊണ്ടു പല ഇംഗ്ലീഷ് മീഡിയം സ്കൂളും നിറുത്തലാക്കേണ്ടിവന്നിട്ടുണ്ടെന്നും അവിടെ ജോലി നോക്കിവന്ന അദ്ധ്യാപകരെ പിരിച്ചുവിടേണ്ടിവന്നിട്ടുണ്ടെന്നും അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : പഠിക്കാൻ വിദ്യാർത്ഥികളും ഇല്ലാത്തതു കൊണ്ടു ഇംഗ്ലീഷ് മീഡിയം സ്കൂൾ നിറുത്തിവയ്ക്കേണ്ടിവന്നുവെന്നു ഇതുവരെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഈ കാരണവശാലല്ല ഇംഗ്ലീഷ് മീഡിയം സ്കൂൾ നിറുത്തണമെന്നു വിദ്യാഭ്യാസ ഉപദേശകബോർഡ് ശുപാർശചെയ്തിട്ടുള്ളതു്.

ശ്രീ. എ. വി. കുഞ്ഞമ്പു : ഹിന്ദിയെ അവഗണിക്കുകയാണെന്നു പറയുന്നതിനു വല്ല അടിസ്ഥാനവുമുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അവഗണനയല്ല അധികം പരിഗണനയാണു് ഉള്ളതു്. ഹിന്ദി പഠനം കാര്യക്ഷമമാക്കണമെന്നും ഹിന്ദി പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു് പരിഗണന നൽകണമെന്നുമാണു് ഈ ഗവണ്മെന്റു വിചാരിച്ചിട്ടുള്ളതു്.

ശ്രീ. എൻ. കെ. ശേഷൻ : ലിംഗ്വിസ്റ്റിക് മൈനാറിട്ടീസിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ആവശ്യമാണെന്നും അതു നിലനിറുത്തണമെന്നുമാണെങ്കിൽ അതിനു് കേന്ദ്രഗവണ്മെന്റു് വല്ല സഹായവും ചെയ്യാമെന്നു് ഏറ്റിട്ടുണ്ടോ ; അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഭാഷാന്യൂനപക്ഷസമുദായത്തിൽപ്പെട്ട ആളുകൾക്കുവേണ്ടി ഇംഗ്ലീഷ് മീഡിയം സ്കൂളുകളും നിലനിറുത്തണമെന്നുള്ളതു് കേന്ദ്രഗവണ്മെന്റിന്റെ സഹായമൊന്നുമില്ലെങ്കിൽത്തന്നെയും ആവശ്യമായിട്ടുള്ളതാണു്. അതുകൊണ്ടാണു് ഈ പ്രശ്നത്തെപ്പറ്റി അന്തിമമായി തീരുമാനമെടുത്തിട്ടില്ലെന്നു പറഞ്ഞതു്. ഈ പ്രത്യേക പ്രശ്നം ഗവണ്മെന്റു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. എ. ശിവരാമഭാരതി : ഭാഷാന്യൂനപക്ഷങ്ങൾക്കുതന്നെയും അവരുടേതായിട്ടുള്ള ഭാവി സുരക്ഷിതമാകണമെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം മലയാളം മീഡിയമായിരിക്കണമെന്നുള്ള കാര്യത്തിൽ ഗവണ്മെന്റിന്റെ അഭിപ്രായം പ്രകടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അങ്ങനെ അഭിപ്രായം ഗവണ്മെന്റിനു് ഉണ്ടെന്നതന്നെ വിചാരിക്കുക. എന്നിരുന്നാൽപ്പോലും ഭാഷാന്യൂനപക്ഷങ്ങൾക്കു് ഭരണഘടനയനുസരിച്ചുള്ള അവകാശങ്ങളിൽ കൈവയ്ക്കാൻ പാടില്ല.

ശ്രീ. പി. പി. ജോർജ് : നമ്മുടെ സംസ്ഥാനത്തു് പല ഹൈസ്കൂളുകളിലും നിലവിലുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസുകളും തുടർന്നുപോരുന്നതിനെ സംബന്ധിച്ചു് എഡ്യൂക്കേഷൻ അഡ്വൈസറി ബോർഡു് വല്ല ശുപാർശയും സമർപ്പിച്ചിട്ടുണ്ടോ ; അതുസംബന്ധിച്ചു് ഗവണ്മെന്റിന്റെ നയം എന്താണെന്നു വ്യക്തമാക്കാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : എഡ്യൂക്കേഷൻ അഡ്വൈസറി ബോർഡിന്റെ ശുപാർശയെ സംബന്ധിച്ചു വേറെ ചോദ്യം വരുന്നുണ്ടു്. ശുപാർശകളൊന്നും തന്നെ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതാണു്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളെസംബന്ധിച്ചുള്ള ശുപാർശകളും അവയ്ക്കു് ബാധകമാണെന്നാണു് എന്റെ ഓർമ്മ.

ശ്രീ. കെ. എ. ശിവരാമഭാരതി : മലയാളം മീഡിയം നടപ്പിലാക്കുന്നതു് ന്യൂനപക്ഷങ്ങളുടെ സംബന്ധിച്ചിടത്തോളം അവർക്കു് എതിരായിട്ടുള്ള നടപടി ആണെന്നാണോ ഗവണ്മെന്റിന്റെ വിശ്വാസം ?

ശ്രീ സി. എച്ച്. മുഹമ്മദുകോയ : അങ്ങനെയൊരു ചോദ്യമേയില്ല. അവർക്കു് എതിരാണോ അനുകൂലമായോ എന്ന പ്രശ്നമേയില്ല, ഭാഷാന്യൂനപക്ഷങ്ങൾക്കു് മലയാളം ക്ലാസുകളിൽ ചേർന്നു പഠിക്കുന്നതിനു് യാതൊരു വിരോധവുമില്ല. ഏതെങ്കിലും ഭാഷാന്യൂനപക്ഷങ്ങൾക്കു് അവരുടെ മാതൃഭാഷയിൽ പഠിക്കുന്നതിനു സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിക്കൊടുക്കണമെന്നും അവർ ആവശ്യപ്പെടുകയാണെങ്കിൽ അവർക്കും അതും ഏർപ്പെടുത്തിക്കൊടുക്കുകയല്ലാതെ നിങ്ങൾക്കു മാറ്റാമെന്നും നല്ലതെന്നും അവരോടു പറയുന്നതു ശരിയല്ലെന്നാണു ഞാൻ പറഞ്ഞതു്.

ഹോചിമിന്റെ നിര്യാണത്തിൽ അനുശോചനം

* 218. [737] ശ്രീ. എം. കെ. ജോർജ്ജു്
,, എം. സദാശിവൻ
,, വി. എസ്. അച്യുതാനന്ദൻ
,, എ. എസ്. എൻ. നമ്പീശൻ
,, പാലൊളി മുഹമ്മദുകുട്ടി
,, പി. കെ. കുഞ്ഞച്ചൻ
,, സി. ഗോവിന്ദപ്പണിക്കർ
,, എ. വി. ആര്യൻ
,, ആർ. കൃഷ്ണൻ (ആലത്തൂർ)
,, വി. വി. ദക്ഷിണാമൂർത്തി
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, എ. പി. കുര്യൻ
,, ടി. കെ. കൃഷ്ണൻ
,, ടി. കെ. രാമകൃഷ്ണൻ
,, മുസ്സഫാ കെമാൽ
,, സി. കെ. ബാലകൃഷ്ണൻ
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ
,, ടി. എം. മീതിയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിയറ്റ്നാം പ്രസിഡന്റു് ഡാക്ടർ ഹോചിമിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു് കേരളാ ഗവണ്മെന്റു് ഒരു പൊതുഒഴിവു് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) അന്നേദിവസം കേരളാ ഹൈക്കോടതിക്കും ഒഴിവു പ്രഖ്യാപിച്ചിരുന്നുവോ ?

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഡോക്ടർ ഹോചിമിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു് ഈ സംസ്ഥാനത്തെ എല്ലാ സക്കാർ ആഫീസുകളും വിദ്യാഭ്യാസസ്ഥാപനങ്ങളും 4-9-1969-ൽ അടച്ചിടാൻ ഗവണ്മെന്റു് ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

(ബി) ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഹൈക്കോടതിയിലെ സ്റ്റാഫിനു് ഈ ദിവസം ഒഴിവു പ്രഖ്യാപിക്കണമെന്നു് കോടതിയിലെ കുറെ ആൾക്കാർ ആവശ്യപ്പെട്ട എന്നും ചീഫ് ജസ്റ്റിസ് അതിനു് അനുവാദം കൊടുത്തില്ലെന്നും അറിയുന്നതു ശരിയാണോ ; ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷിച്ചു് വിവരം സഭയെ അറിയിക്കാൻ ദയവുണ്ടാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : സർ, ഈ ചോദ്യം വന്നതിനുശേഷം ഹൈക്കോടതിയിലേക്കു് എഴുതിച്ചോദിച്ചു. അതിനു് രജിസ്ട്രാരുടെ പക്കൽനിന്നും കിട്ടിയ മറുപടി, ഇതുപോലെ ഗവണ്മെന്റു് ഒരു ആർഡർ പുറപ്പെടുവിക്കുകയാണെങ്കിൽ അതു അവധിയായി പ്രത്യേകം പ്രഖ്യാപിക്കാം. സാധാരണ ഹൈക്കോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly